SREE CHITRA TIRUNAL INSTITUTE FOR MEDICAL SCIENCES & TECHNOLOGY
Thiruvananthapuram, 695011, Kerala, India
(An Institute of National Importance under Govt. of India)
Email-sct@sctimst.ac.in,Website-www.sctimst.ac.in
Phone-0471- 2443152 , Fax-2550728

**SCTIMST/AO/USUF/2019** **21.02.2019**

## ലേല, ദർഘാസ് പരസ്യം

ഈ സ്ഥാപനം വക കുമാരപുരം ക്വാർട്ടേഴ്സ് കോമ്പൗണ്ടിലും, AMC കോമ്പൗണ്ടിലും ഉള്ള മാവ്, പ്ലാവ്, പുളി എന്നീ വൃക്ഷങ്ങളിലെ വിളവെത്തുന്ന ആദായം രണ്ടുവർഷ കാലയളവിലേക്ക് എടുക്കുന്നതിനുള്ള അവകാശം ഒന്നായി നൽകുന്നതിനുള്ള മുദ്ര വച്ച ദർഘാസുകൾ 07.03.2019 ഉച്ചക്ക് 1 മണിക്ക് മുൻപായി ഈ ഓഫീസിൽ കിട്ടത്തക്ക വിധം ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകളോടൊപ്പം 100/- രൂപ നിരതദ്രവ്യമായി ഈ ഓഫീസിൽ അടച്ച രസീതിന്റെ ഒരുകോപ്പി അടക്കം ചെയ്തിരിക്കേണ്ടതാണ്.

ദർഘാസുകൾ തുറക്കും മുൻപ് ഇതിലേക്കായി ഒരുലേലംകൂടി നടത്തുന്നതും, ഏറ്റവും കൂടിയതുക ലഭിക്കുന്നത് ലേലംവഴിയാണെങ്കിൽ ലേലം സ്ഥിരപ്പെടുത്തിക്കൊടുക്കുന്നതും, അതല്ല, ദർഘാസ്വഴിയാണെങ്കിൽ ദർഘാസ് സ്ഥിരപ്പെടുത്തിക്കൊടുക്കുന്നതുമാണ്. ദർഘാസ് നൽകിയ ഏറ്റവും കൂടിയതുകക്കാരനോ അഥവാ ലേലത്തിൽ കൂടിയ തുകവിളിച്ച ആളിനോ, കാരണംകൂടാതെതന്നെ സ്ഥിരപ്പെടുത്തിക്കൊടുക്കാതിരിക്കാനോ, ലേലമോ ദർഘാസോ സ്ഥിരപ്പെടുത്തിക്കൊടുക്കാതിരിക്കാനോ ഉള്ള അധികാരം മെഡിക്കൽസൂപ്രണ്ടിൽ നിക്ഷിപ്തമാണ്. ആയതിന്റെ പേരിൽ യാതൊരുവിധ അവകാശങ്ങളും ഉന്നയിക്കാവുന്നതല്ല.

07.03.2019 ന് ഉച്ചക്ക് 3 മണിക്ക് അച്ചുതമേനോൻ സെന്ററിന്റെ കോമ്പൗണ്ടിൽ വച്ച് ലേലം നടത്തുന്നതാണ്. ലേലം കഴിഞ്ഞ ഉടൻ ദർഘാസുകൾ പൊട്ടിക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ 100/- രൂപ നിരതദ്രവ്യമായി(ദർഘാസ് സമർപ്പിച്ചിട്ടില്ലാത്തവർ)

ക്യാഷ്കൗണ്ടറിൽ അടച്ച രസീത് ഹാജരാക്കിയാൽ മാത്രമേ ലേലത്തിൽ പങ്കെടുപ്പിക്കുകയുള്ളൂ. ദർഘാസ്സമർപ്പിച്ചിട്ടുള്ളവർക്കും നിരതദ്രവ്യംകെട്ടിവച്ചവർക്കും ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ലേലംവഴിയോ, ദർഘാസ്വഴിയോ, ഏറ്റവും കൂടിയതുകയ്ക്ക് സ്ഥിരപ്പെടുത്തിക്കിട്ടുന്ന ആൾ ഉടൻ തന്നെ മുഴുവൻ തുകയോ, തുകയുടെ പകുതിയോ അടച്ച് രസീത് ഹാജരാക്കേണ്ടതാണ്. മുഴുവൻ തുക അടക്കാത്ത പക്ഷം ബാക്കിതുക ഒന്നായി അടുത്ത പ്രവൃത്തിദിവസം തന്നെ അടച്ച രസീത് ഹാജരാക്കി ആവശ്യമായ കരാർമുദ്ര പത്രത്തിൽ (മാതൃക ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്) ഒപ്പിട്ട് തരേണ്ടതാണ്.

വിവരങ്ങൾ ഈ സ്ഥാപനത്തിലെ അഡ്മിനിസ്ട്രേറ്റീവ്ഓഫീസറിന്റെ ഓഫീസിൽ നിന്ന് (ഫോൺ : 2524444) നേരിട്ടോ തപാൽവഴിയോ ലഭിക്കുന്നതാണ്.

ഫലവൃക്ഷങ്ങളുടെ വിവരം

| Sl No. | Item | AMC Compound | Quarters Compound |
|---|---|---|---|
| 1 | മാവ് | 1 | 7 |
| 2 | പ്ലാവ് | 2 | 16 |
| 3 | പുളി | nil | 5 |

**Medical Superintendent**

**Notice Board:(AMC/Hospital/BMT Wing)**